# ഏതു കണ്ണീരിലുമുണ്ട് ചിരി

എം. എൻ. കാരശ്ശേരി



ഏതു കണ്ണീരിലുമുണ്ട് ചിരി

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Theft of the Sampo, a painting by Pekka Halonen (1865–1933). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഏതു കണ്ണീരിലുമുണ്ട് ചിരി

ഇന്ത്യാരാജ്യത്തിന്റെ മഹാദുരന്തമായ ഗുജറാത്ത് ഭൂകമ്പം.

ഒരു ഫലിതകഥയും ആ ദുരന്തവാർത്തകൾക്ക് ഇടയിലുണ്ടായിരുന്നു: ഭുജിൽ ഇരുന്നൂറോളം കുറ്റവാളികൾ ജയിലിന്റെ ചുമരിടിഞ്ഞു വീണ് രക്ഷപ്പെട്ടു.

ഈ കൊടൂരമായ ഫലിതം അവിടംകൊണ്ട് അവസാനിച്ചില്ല. ഭൂകമ്പം കൊണ്ട് തരിപ്പണമായ പ്രദേശങ്ങളിൽ കൊള്ള നടക്കുന്നു. അത് നടത്തുന്നത് കുറ്റവാളികളാവാം എന്ന് വാർത്ത വന്നിരിക്കുന്നു...

തടവറയിൽ ശിക്ഷ അനുഭവിച്ചും കൊലമരം കാത്തും ഇരിക്കുന്നവർക്ക് പിന്നെയും കൊള്ളയും കൊലയും നടത്താൻ ഭൂകമ്പം സൗകര്യം ഒരുക്കിയിരിക്കുന്നു. അവരെയല്ല, അവരെ തടവിലിട്ട കെട്ടിടത്തെയാണ് ഭൂകമ്പം നശിപ്പിച്ചത്. അന്നാട്ടുകാർ ഭൂകമ്പത്തെ പേടിക്കണോ, കുറ്റവാളികളുടെ കൊള്ളയെ പേടിക്കണോ?

ഭൂകമ്പമുണ്ടായേടത്തെ പ്രധാന പണി കൊള്ളക്കാരെ നേരിടലാണ്!

എനിക്ക് ഈ നേരത്ത് മുല്ലാ നാസറുദ്ദീന്റെ ഒരു ഫലിതം ഓർമവരുന്നു:

മുല്ല ഒരിടവഴിയിലൂടെ നടന്നുപോവുകയായിരുന്നു. ആ സമയത്ത് ഇടവഴിക്കടുത്തുള്ള ഒരു മരത്തിൽനിന്ന് ഒരുത്തൻ പിടിവിട്ട് വീണു. അയാൾ വീണത് മുല്ലയുടെ കഴുത്തിലേക്കാണ്. അയാൾക്ക് ഒന്നും പറ്റിയില്ല. മുല്ല കഴുത്തിന് പരിക്കുപറ്റി ചികിത്സയിലുമായി. ആ കിടപ്പിൽ മുല്ലയെ ചെന്നു കണ്ട ശിഷ്യന്മാർ ചോദിച്ചു.

'മുല്ലാ, ഈ അനുഭവത്തിന്റെ പാഠം എന്താണ്?'

മുല്ല: 'വളരെ ലളിതം. മരത്തിൽനിന്ന് വീഴുന്നത് ഒരുത്തൻ. അതുകൊണ്ട് കഴുത്തൊടിഞ്ഞ് കിടപ്പിലാവുന്നത് വേറൊരുത്തൻ. അല്ലാതെന്താ?'

ടെലിവിഷനിലും പത്രത്തിലും ഭൂകമ്പദുരന്തത്തിന്റെ ദൃശ്യങ്ങൾ കണ്ടു മനുഷ്യർ ഞെട്ടി. ആ ഭൂമി നേരിട്ടുകണ്ട കൊള്ളക്കാർക്കാവട്ടെ ഞെട്ടാനല്ല, തട്ടാനാണ് തോന്നിയത്.

കെട്ടിടം തുരക്കുന്ന പണി കുറഞ്ഞുകിട്ടി എന്ന് അവർക്കൊരാശ്വാസം തോന്നിയിരിക്കണം! ഭൂകമ്പം അവിശ്വസനീയമാംവിധം സ്വന്തം സ്വാതന്ത്ര്യം തിരിച്ചുതന്നല്ലോ എന്നൊരു നന്ദിയുടെ കണക്കിൽ പോലും അവർക്ക് ഇത്തിരി അലിവ് തോന്നിയില്ല. കൊള്ളയടിക്കാനുള്ള സ്വാതന്ത്ര്യം തിരിച്ചുകിട്ടി എന്നാവാം അവർക്ക് തോന്നിപ്പോയത്.

ജീവിതദുരന്തങ്ങളുടെ ഏത് തിരക്കഥയിലും ഒരു 'കോമഡി ട്രാക്ക്' ഉണ്ടെന്നായിരിക്കുമോ ഇതിന്റെയെല്ലാം അർഥം?

ഇനി, ഏത് ചിരിയിലും കണ്ണീരുണ്ട് എന്നതുപോലെ ഏത് കണ്ണീരിലും ചിരിയുണ്ട് എന്നായിരിക്കുമോ ഇതിന്റെയെല്ലാം പൊരുൾ?

ആവോ, ആർക്കറിയാം?

മലയാളം ന്യൂസ്: 9 ഫെബ്രുവരി 2001.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014